# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 698** — **29/11/2018-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എസ്. ശർമ്മ**<br>**,, പി. ടി. എ. റഹീം**<br>**,, എം. രാജഗോപാലൻ**<br>**ശ്രീമതി. വീണാ ജോർജ്ജ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) എസ്.ബി.റ്റി.-എസ്.ബി.ഐ. ലയനം ഉൾപ്പെടെയുള്ള നടപടികളിലൂടെ രാജ്യത്തെ ധനകാര്യ സ്ഥാപനങ്ങളുടെ മേൽ കേന്ദ്ര സർക്കാർ കടന്നുകയറ്റം നടത്തുന്നതായി ആക്ഷേപമുയരുന്ന സാഹചര്യത്തിൽ, സംസ്ഥാന താൽപര്യം പരിരക്ഷിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള കേരള ബാങ്ക് രൂപീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം പുരോഗമിച്ചു വരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ടുവച്ചിരിക്കുന്ന നിബന്ധനകളും അവ പാലിക്കാനായി സ്വീകരിച്ചുവരുന്ന നടപടികളും അറിയിക്കാമോ; | (ബി) | കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുളള വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. സാങ്കേതികവിദ്യ സംയോജനം, ആസ്തി ബാധ്യതാ സംയോജനം, മനുഷ്യ വിഭവശേഷി സംയോജനം, നിയമപരമായ സംയോജനം എന്നീ കാര്യങ്ങൾ സാധ്യമാക്കുന്നതിനായി സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| (സി) സാമ്പത്തിക-സാങ്കേതിക അടിത്തറയുള്ള ആധുനിക ബാങ്കായി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ചേർന്നുള്ള നിലവിലെ | (സി) | ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ബാങ്കായി കേരള ബാങ്കിനെ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനായി ഒരു കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന് |

| | | | |
|---|---|---|---|
| | സംവിധാനത്തെ പരിവർത്തനപ്പെടുത്തുന്നതിനുവേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | | ഏജൻസിയെ നിശ്ചയിക്കുന്ന നടപടി പുരോഗമിക്കുന്നു. ബാങ്കിന്റെ ഭരണസംവിധാനം ആധുനിക വെല്ലുവിളികളെ നേരിടുന്നതിനു പ്രാപ്തമാകുന്ന രീതിയിൽ രൂപകല്പന ചെയ്യുന്നതാണ്. ആധുനികമായ സേവനങ്ങളും ഉൽപ്പന്നങ്ങളും ബാങ്കിലൂടെ പ്രദാനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കേരള ബാങ്ക് രൂപീകരണം വഴി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങൾ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിക്കപ്പെടും. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബാങ്കുളിൽ നിന്നും ഉപഭോക്താക്കൾക്ക് മറ്റ് ഇതരബാങ്കുകളിൽ നിന്നും ലഭിക്കുന്ന എല്ലാ വിധ സേവനങ്ങളും വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കിയോ/ചാർജ്ജ് ഇല്ലാതെയോ വളരെ വേഗത്തിലും മെച്ചപ്പെട്ടുതുമായി നല്കാൻ കഴിയും. സഹകരണ മേഖലയിൽ വിപ്ലവകരമായ നേട്ടമായിരിക്കും ഇത്.<br><br>ബാങ്കിലെ പലിശ നിരക്കിൽ കുറവുണ്ടാകുന്നതു മൂലം ലോൺ ആകർഷകമാകുന്നതാണ്. കൂടുതൽ മേഖലയിൽ വായ്പ അനുവദിക്കുന്നതിന് കഴിയുന്നതാണ്. DBT/EBT തുടങ്ങിയ സേവനങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ നൽകാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ

1) കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.
2) ലയനത്തെ സ്റ്റേ ചെയ്തു കൊണ്ടോ നിരോധിച്ചു കൊണ്ടോ കോടതി വിധികൾ ഒന്നും ഇല്ലാ എന്ന് സർക്കാർ ഉറപ്പ് വരുത്തണം.
3) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ഒരു ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.
4) ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസാക്കണം.
5) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MOU ഒപ്പു വയ്ക്കണം. ഭരണ സമിതി മാനേജ് മെന്റ് ഘടന, മനുഷ്യ വിഭവ ശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MOU യിൽ വരേണ്ടത്.
6) ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ് വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.
7) ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ്ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷി ഉള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നല്കുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.
8) ക്രമ രഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.
9) ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.
10) സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.
11) ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നല്കാൻ കഴിയും വിധമുള്ള മികച്ച സോഫ്റ്റ് വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.
12) നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.
13) സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഫിറ്റ് & പ്രോപർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.

14) ലയന ശേഷം സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപീകരിക്കണം. അതിനായി, ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15) ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI ക്ക് അപേക്ഷ നല്കണം. RBI യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI ക്ക് സറണ്ടർ ചെയ്യണം.

16) ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം.

18) ബാങ്ക് എന്ന പദം ഉപയോഗിച്ച് കൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

19) മേൽ വ്യവസ്ഥകൾ പാലിച്ചതിനു ശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിനെ സമീപിക്കണം.